**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 796** **11-06-2024 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സഹകരണ മന്ത്രാലത്തിന്റെ വെബ് സൈറ്റ് പ്രകാരം കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളം ആസ്ഥാനമാക്കി ആകെ 58 മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സൊസൈറ്റികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്-2002 പ്രകാരമാണ് മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീകൾ രജിസ്റ്റർചെയ്ത് പ്രവർത്തിച്ചുവരുന്നത്. 2002 ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ അക്കൗണ്ട് ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി സസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തി സെൻട്രൽ രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സൊസൈറ്റികളുടെ കണക്കുകളും ബുക്കുകളും മറ്റ് പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരെ ചുമതലപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറിന് ടി സംഘങ്ങളിൽ പരിശോധന നടത്തുന്നതിന് അധികാരമുണ്ടെങ്കിലും ടി സംഘങ്ങളുടെ മേൽ നടപടി സ്വീകരിക്കുന്നതിന് യാതൊരുതരത്തിലുള്ള അധികാരങ്ങളും ഇല്ലാത്തതാണ്.<br><br>എന്നാൽ കേന്ദ്ര സർക്കാറിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അംഗങ്ങൾ/നിക്ഷപകർ/ പൊതുജനങ്ങൾ എന്നിവർ അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ സംഘത്തിന്റെ മികവ് കണക്കിലെടുത്ത് ബന്ധപ്പെടണമെന്നും മേൽ വിവരം |

| | | | |
|---|---|---|---|
| | | | കാണിച്ചുകൊണ്ട് എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും നോട്ടീസ് പതിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>Multi State Co-operative Societies (Amendment) Rule, 2016 3(g) പ്രകാരം ക്രെഡിറ്റ് അല്ലെങ്കിൽ മൾട്ടി പർപ്പസ് എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് അതിന്റെ പ്രവർത്തന പരിധി വിപുലീകരിക്കാൻ ഹാജരാക്കേണ്ട, സംസ്ഥാനത്തെ / കേന്ദ്ര ഭരണ പ്രദേശത്തെ സഹകരണ സംഘം രജിസ്ട്രാറിന്റെ NOC നൽകാത്തതിനാൽ ടി സൊസൈറ്റികളുടെ വ്യാപനം തടയാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) | പല മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും സംസ്ഥാന സഹകരണ സംഘങ്ങൾ നൽകുന്നതിനെക്കാൾ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് നിക്ഷേപം തിരിച്ചുകൊടുക്കാനാവാത്തതും പ്രവർത്തനം അവസാനിപ്പിക്കുന്നതുമായ സാഹചര്യം നിലവിലുണ്ട്. കേന്ദ്ര നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ സംസ്ഥാന നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളിൽ നിന്നും സാധാരണക്കാരായ പൊതുജനങ്ങൾക്ക് തിരിച്ചറിയുന്നതിന് കഴിയുകയില്ല. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാവുകയും ആയത് പൊതുവായി സഹകരണ മേഖലയുടെ പ്രത്യേകിച്ച് സംസ്ഥാന മേഖലയുടെ വീഴ്ചയായി ചിത്രീകരിക്കുന്നതിനും ഇടയാക്കുന്നു. ഇത് സംസ്ഥാന സഹകരണ സംഘങ്ങളിൽ പൊതുജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കുകയും അത് സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയെ ദോഷകരമായി ബാധിക്കുകയും ചെയ്യും. 1969 ലെ കേരള സഹകരണ നിയമപ്രകാരം പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ സംഘങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങൾ നിക്ഷേപകർക്ക് തിരികെ നൽകുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതും ആയത് വിവിധ പ്രചാരമാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മൾട്ടി മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് അത്തരത്തിലുള്ള യാതൊരുവിധ പരിരക്ഷകളും ഇല്ല. |

സെക്ഷൻ ഓഫീസർ